## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5390 — 01.07.2014 ലെ മറുപടിയ്ക്ക്

## ഭാഗ്യക്കുറി സമ്മാനഘടനയിൽ പരിഷ്കരണങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ. സി. പി. മുഹമ്മദ് :<br>ശ്രീ. അൻവർ സാദത്ത് : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ഭാഗ്യക്കുറി സമ്മാന ഘടനയിൽ വരുത്തിയിട്ടുള്ള പരിഷ്കരണങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ; | (എ) പൗർണമി, വിൻവിൻ, അക്ഷയ, ഭാഗ്യനിധി എന്നീ പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 20 രൂപയിൽനിന്നും 30/- രൂപയാക്കി 7 സീരീസുകളിലായി പരമാവധി 63 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്കവിധം സമ്മാനഘടന പരിഷ്ക്കരിച്ചു. പ്രസ്തുത ഭാഗ്യക്കുറികളുടെ ഒന്നാം സമ്മാനത്തുക 65 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. പതിനായിരം രൂപയുടെ സമ്മാനം ഉൾപ്പെടുത്തുകയും 5000, 2000, 1000, 500 തുടങ്ങിയ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തു. ഏറ്റവും ചെറിയ സമ്മാനത്തുക 100/- രൂപയായി നിജപ്പെടുത്തി. വ്യാഴാഴ്ചകളിൽ നറുക്കെടുത്തിരുന്ന പ്രതീക്ഷ ഭാഗ്യക്കുറിയുടെ പേര് കാരുണ്യ പ്ലസ് |

എന്ന് മാറ്റി 40/- രൂപയിൽ നിന്ന് 50/- രൂപയായി മുഖവില ഉയർത്തി. ഒന്നാം സമ്മാനത്തുക 75 ലക്ഷം രൂപയിൽ നിന്നും ഒരു കോടി രൂപയാക്കി. കാരുണ്യ ഭാഗ്യക്കുറിയുടെ രണ്ടാം സമ്മാനത്തുക 25 ലക്ഷം രൂപയാക്കി. കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളിൽ പരമാവധി 35 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്കവിധം സമ്മാനഘടന പരിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ, പതിനായിരം രൂപയുടെ സമ്മാനം ഉൾപ്പെടുത്തുകയും ഏറ്റവും ചെറിയ സമ്മാനത്തിന്റെ എണ്ണം കുറയ്ക്കുകയും ചെയ്തു.

**(ബി)** ലോട്ടറി സമ്മാനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് ഇതുമുഖേന വരുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

**(ബി)** പൗർണമി ഭാഗ്യക്കുറിയിൽ ഒന്നാം സമ്മാനമായി 51 ലക്ഷം രൂപയും, വിൻ വിൻ ഭാഗ്യക്കുറിയിൽ 50 ലക്ഷം രൂപയും, അക്ഷയ ഭാഗ്യക്കുറിയിൽ 25 ലക്ഷം രൂപയും 25 പവൻ തങ്കനാണയങ്ങളും, ഭാഗ്യനിധി ഭാഗ്യക്കുറിയിൽ 40 ലക്ഷം രൂപയും 40 പവൻ തങ്കനാണ യങ്ങളുമാണ് നൽകിവന്നിരുന്നത്. ഇവയുടെ ഒന്നാം സമ്മാനത്തുക 65 ലക്ഷം രൂപയായി ഏകീകരിച്ചു. പൗർണമി ഭാഗ്യക്കുറിയിൽ രണ്ടാം സമ്മാനമായ ഒരു ലക്ഷം രൂപയുടെ എണ്ണം 7ൽ നിന്ന് 14 ആയി വർദ്ധിപ്പിച്ചു. വിൻവിൻ ഭാഗ്യക്കുറിയിൽ രണ്ടാം

സമ്മാനമായി 5 ലക്ഷം രൂപ ഉൾപ്പെടുത്തുകയും ഒരു ലക്ഷം രൂപയുടെ സമ്മാനങ്ങളുടെ എണ്ണം ഒന്നിൽ നിന്നും 7 ആയി വർദ്ധിപ്പിക്കുകയും ചെയ്തു. അക്ഷയ ഭാഗ്യക്കുറിയിൽ രണ്ടാം സമ്മാനം ഒരു ലക്ഷം രൂപയിൽ നിന്നും 2 ലക്ഷം രൂപയാക്കി, എണ്ണം 7 ആയി വർദ്ധിപ്പിച്ചു. ഭാഗ്യനിധി ഭാഗ്യക്കുറിയിൽ രണ്ടാം സമ്മാനമായ ഒരു ലക്ഷം രൂപയുടെ എണ്ണം ഒന്നിൽ നിന്ന് 7 ആയി വർദ്ധിപ്പിച്ചു. കൂടാതെ പ്രസ്തുത ഭാഗ്യക്കുറികളിൽ 10,000 രൂപയുടെ സമ്മാനം ഉൾപ്പെടുത്തുകയും ഏറ്റവും ചെറിയ സമ്മാനത്തുക 100 രൂപയായി നിജപ്പെടുത്തി നറുക്കെടുപ്പിന്റെ എണ്ണം 100 ൽ നിന്ന് 60 തവണയായി കുറയ്ക്കുകയും ചെയ്തു.

പ്രതീക്ഷ ഭാഗ്യക്കുറിക്ക് ഒന്നാം സമ്മാനമായി 75 ലക്ഷം രൂപയാണ് നൽകിയിരുന്നത്. ഇത് കാരുണ്യ പ്ലസ് ആക്കിയപ്പോൾ ഒരു കോടി രൂപയായി ഉയർത്തി. രണ്ടാം സമ്മാനം 5 ലക്ഷം രൂപയിൽ നിന്നും 20 ലക്ഷം രൂപയായും മൂന്നാം സമ്മാനമായ ഒരു ലക്ഷം രൂപയുടെ എണ്ണം 5 ൽ നിന്നും 10 ആയും വർദ്ധിപ്പിച്ചു. പതിനായിരം രൂപയുടെ സമ്മാനം ഉൾപ്പെടുത്തുകയും ഏറ്റവും ചെറിയ സമ്മാനമായ 100/- രൂപയുടെ എണ്ണം കുറയ്ക്കുകയും ചെയ്തു.

കാരുണ്യ ഭാഗ്യക്കുറിയിൽ രണ്ടാം സമ്മാനം 50 പവൻ തങ്കനാണയം എന്നത് 25 ലക്ഷം രൂപയാക്കുകയും പതിനായിരത്തിന്റെ സമ്മാനം ഉൾപ്പെടുത്തുകയും ഏറ്റവും ചെറിയ സമ്മാനം 100/- രൂപയായി നിജപ്പെടുത്തുകയും ചെയ്തു.

(സി) എന്നുമുതലാണ് ഭാഗ്യക്കുറി സമ്മാനഘടനയിൽ പരിഷ്ക്കരണങ്ങൾ നിലവിൽ വന്നിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(സി) പരിഷ്ക്കരിച്ച സമ്മാനഘടന പ്രകാരം പൗർണമി ഭാഗ്യക്കുറിയുടെ ആദ്യ നറുക്കെടുപ്പ് 02.03.2014-നും, വിൻ വിൻ ഭാഗ്യക്കുറിയുടെ ആദ്യ നറുക്കെടുപ്പ് 03.03.2014 നും, അക്ഷയ ഭാഗ്യക്കുറിയുടെ ആദ്യ നറുക്കെടുപ്പ് 05.03.2014-നും, ഭാഗ്യനിധി ഭാഗ്യക്കുറിയുടെ ആദ്യ നറുക്കെടുപ്പ് 07.03.2014-നുമാണ് നടന്നത്. കാരുണ്യ പ്ലസ് ഭാഗ്യക്കുറിയുടെ ആദ്യ നറുക്കെടുപ്പ് 03.04.2014-നും, കാരുണ്യ ഭാഗ്യക്കുറിയുടെ സമ്മാനഘടന പരിഷ്ക്കരിച്ച ശേഷമുള്ള ആദ്യ നറുക്കെടുപ്പ് 05.04.2014-നുമാണ് നടന്നത്.

സെക്ഷൻ ഓഫീസർ.